# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2101 — 05.05.2017-ൽ മറുപടിയ്ക്ക്

## കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **സ്വകാര്യ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് വനംവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;** | എ) കാവു സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 485/2016/വനം തീയതി 24.12.2016 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിധ്യ മൂല്യമുള്ളതുമായ കാവുകളെ തെരഞ്ഞെ ടുത്ത്, ദീർഘകാല അടിസ്ഥാന ത്തിലുള്ള ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധന സഹായം നൽകിവരുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. |
| ബി) **കാവുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് ധനസഹായം നൽകി വരുന്നുണ്ടോ; പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പി ക്കേണ്ടത് ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കുമോ;** | ബി) കാവുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് ധനസഹായം നൽകി വരുന്നുണ്ട്. ഇതിനാ യുള്ള അപേക്ഷകൾ അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കാണ് സമർപ്പിക്കേണ്ടത്. |
| സി) **കാവുകളുടെ സംരക്ഷണത്തിലേക്കായി നൽകുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കാമോ?** | സി) കാവിന്റെ ഉടമകൾ /ദേവസ്വം /ട്രസ്റ്റി എന്നി വർക്ക് ദീർഘകാല അടിസ്ഥാന ത്തിലുള്ള ധനസഹായത്തിനായി സൂക്ഷ്മാസൂത്രണ രേഖ സമർപ്പിക്കുന്നതിന്റെ അടിസ്ഥാന ത്തിൽ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 485/2016/വനം , തീയതി 24.12.2016 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല വിദഗ്ധ സമിതിയുടെ തീരുമാനപ്രകാരം വനം വകുപ്പ് ആദ്യഗഡുവായി 25,000/- രൂപ |

അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകി വരുന്നു. പിന്നീട് വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകി വരുന്നു. കൂടാതെ 25,000/- രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു.

**സെക്ഷൻ ഓഫീസർ**